സനമല്ല ഇവിടെ നടക്കുന്നത്. വിഭവചൂഷണം തന്നെയാണ് അതിന്റെ അടിത്തറ. നമ്മുടെ പുഴകളുടെ കാര്യം തന്നെ നോക്കാം. പുഴയെ പലവിധത്തിൽ ആശ്രയിക്കുന്ന ഒട്ടേറെ ജനസമൂഹങ്ങളുണ്ട്. അവരുടെ ആരുടെയും അവകാശങ്ങൾ പരിഗണിക്കാതെയാണ് എല്ലാ അണക്കെട്ടുകളും നിർമ്മിക്കപ്പെടുന്നത്. അണക്കെട്ടിന്റെ ഗുണഫലങ്ങൾ അനുഭവിക്കുന്നതോ വളരെ ചുരുങ്ങിയ ആളുകൾ മാത്രം. ഇന്ത്യയിൽ നടന്ന ഏറ്റവും വലിയ ഡാം വിരുദ്ധ സമരമായ നർമ്മദ സമരം അക്കാര്യമാണ് നമ്മളോട് പറയുന്നത്. വളരെ കുറച്ചുപേർക്ക് മാത്രം നേട്ടമുണ്ടായ പദ്ധതിയാണ് സർദാർ സരോവർ. എന്നാൽ അതിന്റെ നിർമ്മാണത്തിനായി കിടപ്പാടവും, കൃഷിഭൂമിയും നഷ്ടമായവർ ആയിരങ്ങളാണ്. അവരാണ് സമരത്തിൽ ഉറച്ചുനിൽക്കുന്നത്. വിഭവസംരക്ഷണം എന്ന ലക്ഷ്യത്തിൽ ഉറച്ചുനിൽക്കുന്ന അനേകം സമരങ്ങൾ ഇന്ത്യയിലെമ്പാടും നടക്കുന്നുണ്ട്. ആരാണ് പൊതുശത്രു എന്ന് തിരിച്ചറിയാൻ ഈ സമരങ്ങൾക്ക് കഴിയണം. ദളിതർക്കും ആദിവാസികൾക്കും മറ്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കും ഭീഷണിയായി ഹിന്ദുത്വ ഫാസിസം വളർന്നുവരുകയാണ്. ഹിന്ദുത്വഫാസിസവും വികസനവും തമ്മിൽ ചേരുന്ന ഒരു കൂട്ടുകെട്ട് ആണ് എല്ലാം നിയന്ത്രിക്കുന്നത്. കശ്മീരിൽ അസിഫയ്ക്ക് സംഭവിച്ച ദുരന്തത്തിനും വർഗ്ഗീയത മാത്രമല്ല കാരണം. വികസന ഫാസിസത്തിനും അതിൽ പങ്കുണ്ട്. മലമുകളിൽ കാലികളെ മേച്ചിരുന്ന അവളുടെ സമൂഹത്തിന് കാലാവസ്ഥാ വ്യതിയാനം കാരണം പുൽമേടുകൾ നഷ്ടമായതിനെത്തുടർന്നാണ് ആ താഴ്വരയിലേക്ക് വരേണ്ടിവന്നത്. അവിടെയുള്ള ഭൂരിപക്ഷ ഹിന്ദുസമൂഹം ആ നാടോടി ഗോത്രത്തെ അവിടെ നിന്നും ഓടിക്കുന്നതിന് വേണ്ടിയാണ് അസിഫയെ ബലാത്സംഗം ചെയ്തത്. ഹിന്ദുരാഷ്ട്രം എന്ന് അവർ പറയുന്നതിന് പിന്നിൽ വിഭവങ്ങളിൽ നിന്നും മറ്റ് സമൂഹങ്ങളെ അകറ്റി നിർത്തുക എന്ന ലക്ഷ്യവുമുണ്ട്.

**3.** ലിംഗനീതി ഉറപ്പാക്കപ്പെടണമെങ്കിൽ സ്ത്രീക്കും പുരുഷനും തുല്യമായി തീരുമാനങ്ങളെടുക്കാൻ അവകാശം ലഭിക്കുകയാണ് പ്രധാനം. ജനപ്രാതിനിധ്യസഭകളിൽ സ്ത്രീകൾക്ക് തുല്യാവകാശം ഇല്ലാത്തതിനാൽ വികസനത്തെ സംബന്ധിച്ച തീരുമാനങ്ങളെടുക്കുന്ന സ്ഥലങ്ങളിൽ നിന്നും അവർ പുറത്താക്കപ്പെടുന്നു. കേരളത്തിൽ വിഭവസംരക്ഷണത്തിനായി നടക്കുന്ന സമരങ്ങളിലെല്ലാം സ്ത്രീകളാണ് നേതൃത്വ നിരയിലുള്ളത്. വികസനത്തിന്റെ പ്രധാന ഇരകൾ സ്ത്രീകളാണ് എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. സ്ത്രീകൾ അത് തിരിച്ചറിയുന്നുണ്ട് എന്നതാണ് സമരങ്ങളിലെ അവരുടെ പങ്കാളിത്തം സൂചിപ്പിക്കുന്നത്. കേരളത്തിലെ പല സമരങ്ങളും സ്ത്രീകൾ മുൻനിരയിൽ ഉറച്ചുനിന്നതുകൊണ്ട് വിജയം കൈവരിച്ചവയാണ്. അതുകൊണ്ടുതന്നെ സ്ത്രീകൾക്ക് കൂടി തുല്യ പങ്കാളിത്തമുള്ള ഭരണപ്രക്രിയ വന്നാൽ മാത്രമേ വികസനത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങളും മാറുകയുള്ളൂ.

**4.** കേരള മോഡൽ എന്നുപറയാൻ എന്ത് മോഡലാണ് ഇവിടെ അവശേഷിക്കുന്നത്. ഇന്നത്തെ സ്ഥിതിയിൽ കേരളം ഒരു മോഡലാണെന്ന് എങ്ങനെയാണ് പറയാൻ കഴിയുന്നത്. സ്ത്രീകൾക്കെതിരായ ലൈംഗിക അതിക്രമങ്ങൾ കൂടുന്ന ഒരു സംസ്ഥാനം മാതൃകയാണെന്ന് പറയുന്നത് പൊള്ളത്തരമാണ്. കേരളം ഒരു വികസന മാതൃകയാണെന്ന് പറയാൻ വേണ്ടി അവലംബിച്ച കണക്കുകളിൽ വലിയ തകരാറുണ്ട്. ഓഖി ദുരന്തമുണ്ടായപ്പോൾ നമ്മൾ കണ്ടതാണല്ലോ ഈ വികസന വാഴ്ത്തുപാട്ടുകൾക്കിടയിൽ കഴിയുന്ന മത്സ്യത്തൊഴിലാളികുടെ യഥാർത്ഥ അവസ്ഥ. ഓഖി പോലെയുള്ള ദുരന്തങ്ങൾ നേരിടുന്നതിന് സർക്കാരിന് ഒരു പദ്ധതിയുമില്ല. കടൽ പ്രക്ഷുബ്ധമാകുന്ന സ്ഥിതിവിശേഷം കൂടിയിട്ടും ദുരന്തം മുൻകൂട്ടി കണ്ട് പ്രവർത്തിക്കുന്നതിൽ സർക്കാരിന് കഴിയുന്നില്ല. ദരിദ്രരായ മത്സ്യത്തൊഴിലാളികൾ കൂട്ടത്തോടെ കൊലചെയ്യപ്പെടുന്നത് ഒരു മോഡലാണെന്ന് എങ്ങനെ പറയാൻ കഴിയും?

**5.** മുഖ്യധാരാ രാഷ്ട്രീയപാർട്ടികളുടെയെല്ലാം സമരങ്ങൾ ധാരണകളുണ്ടാക്കി അവസാനിക്കുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. ജനങ്ങൾക്ക് രാഷ്ട്രീയ പാർട്ടികളിൽ അവിശ്വാസമുണ്ടാകുന്നതിന് ഈ അഡ്ജസ്റ്റ്മെന്റ് സമരങ്ങൾ ഒരു കാരണമായിട്ടുണ്ട്. അതേസമയം തോൽക്കാൻ തയ്യാറല്ലെന്ന ഉറപ്പിൽ തുടരുന്ന ജനകീയ സമരങ്ങളിൽ തന്നെയാണ് ഇന്ന് ജനങ്ങൾക്ക് പ്രതീക്ഷയുള്ളത്. പ്രത്യേകിച്ച് വികസന ഫാസിസത്തിന്റെ ഇരകളാക്കപ്പെടുന്നവർക്ക്. ഈ വികസന കാഴ്ച്ചപ്പാടിനെ ചോദ്യം ചെയ്യാനും തിരുത്താനുമുള്ള ശക്തി ജനങ്ങളുടെ സമരങ്ങളിലാണ് അവശേഷിക്കുന്നത്. രാഷ്ട്രീയ പാർട്ടികൾക്ക് ഈ സമരങ്ങൾ ഒരു വെല്ലുവിളിയായിത്തീരുന്നുണ്ട്. അതുകൊണ്ടുതന്നെ പലതരത്തിലുള്ള ആരോപണങ്ങളും ഉന്നയിച്ച് സമരങ്ങളെ തകർക്കാൻ അവർ ശ്രമിക്കും. അതിനെ അതിജീവിക്കാൻ കഴിയണം. ഒപ്പം വർഗ്ഗീയ ശക്തികൾ നമ്മുടെ സമരങ്ങളിലേക്ക് കടന്നുകൂടാതിരിക്കാനും ശ്രദ്ധിക്കണം.

**(സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ)**

# പുതിയ രാഷ്ട്രീയവും, പുതിയ വികസനവും

അമ്പലത്തറ കുഞ്ഞികൃഷ്ണൻ

**1.** സാമ്പത്തിക വികസനം എന്നതിനാണ് നിലവിലെ വികസന കാഴ്ച്ചപ്പാട് ഊന്നൽ നൽകുന്നത്. വികസന പദ്ധികളെല്ലാം ആ രീതിയിലേക്ക് ചുരുക്കപ്പെട്ടിരിക്കുന്നു. എങ്ങനെ സമ്പത്തുണ്ടാക്കണം എന്ന ചിന്തയ്ക്ക് പ്രാമുഖ്യം ലഭിക്കുകയും പ്രകൃതിചൂഷണം കൂടുകയും ചെയ്യുന്നു. ലോകമാകെ ഇന്ന് സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന മാതൃക ഇതാണ്. അതിന് ബദലായ മാതൃകകൾ സോഷ്യലിസ്റ്റ് രാജ്യങ്ങൾ മുന്നോട്ടുവച്ചെങ്കിലും അവരും സാമ്പത്തിക വളർച്ചയാണ് അടിസ്ഥാന ഘടകം എന്നതിലേക്ക് വഴിമാറുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. കാസർഗോഡിന്റെ അനുഭവം തന്നെ നോക്കൂ. എൻഡോസൾഫാൻ വിഷയം പോലും ശരിക്കും ഈ വികസന കാഴ്ച്ചപ്പാടിന്റെ

പ്രശ്നമായാണ് നമ്മൾ കാണേണ്ടത്. കശുവണ്ടി പരമാവധി ഉത്പാദിപ്പിച്ച് കയറ്റുമതി ചെയ്യുക എന്നതിന് വേണ്ടി ഏത് വിഷവും പ്രയോഗിക്കാം എന്ന ചിന്ത ഇതിന്റെ ഭാഗമായി വരുന്നതാണ്. പ്രകൃതിക്കും മനുഷ്യനും അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ പരിഗണനയിൽ വന്നതേയില്ല. 12,000 ഏക്കർ ഭൂമിയാണ് കശുവണ്ടി പ്ലാന്റേഷന് വേണ്ടി മാറ്റപ്പെട്ടത്. അറുപതുകളിലാണ് ഇത് തുടങ്ങുന്നതെന്ന് ഓർക്കണം. അന്ന് കേരളത്തിലെ വലിയ പ്രശ്നം പട്ടിണിയായിരുന്നു. ഭക്ഷണമായിരുന്നു സമൂഹത്തിന്റെ മുഖ്യ ആവശ്യം. അത് പരിഗണിക്കാതെയാണ് മൂലധമുണ്ടാക്കുക എന്ന ലക്ഷ്യത്തിൽ ഏകവിളത്തോട്ടങ്ങൾ ആരംഭിക്കുന്നത്. ആദിവാസികളും കർഷകരും ഉപയോഗിച്ചിരുന്ന പൊതുഭൂമിയെല്ലാം അതിനുവേണ്ടി മാറ്റപ്പെട്ടു. വിദേശ വിപണിയെ ലക്ഷ്യം വച്ചുകൊണ്ടുള്ള കശുവണ്ടി പോലെയുള്ള വിളകൾ വ്യാപിപ്പിച്ചു. ഭക്ഷ്യവിളകൾക്ക് പ്രാമുഖ്യം നൽകി പട്ടിണി അകറ്റുക എന്നതിന് പരിഗണന ലഭിച്ചതേയില്ല. ആഗോള വിപണിയെ ലക്ഷ്യം വച്ചുള്ള ഈ വികസന മാതൃകയുടെ അനന്തരഫലമായിരുന്നു എൻഡോസൾഫാൻ ദുരന്തം. ആരോഗ്യപ്രശ്നങ്ങളുണ്ടായപ്പോഴാണ് നമ്മൾ അതിനെക്കുറിച്ച് വിമർശനാത്മകമായി ചിന്തിച്ചുതുടങ്ങിയത്. അതുണ്ടാക്കിയ പാരിസ്ഥിതികവും സാമൂഹികവും സാംസ്കാരികവുമായ നഷ്ടങ്ങൾ അതിലും വലുതാണ്. കേവലം സാമ്പത്തിക വളർച്ചയെ മാത്രം ലക്ഷ്യം വയ്ക്കുന്ന വികസന മാതൃകയ്ക്ക് തിരിച്ചടികളുണ്ടാകും എന്നതിന് തെളിവാണ് കാസർഗോഡിന്റെ ഈ അനുഭവം.

**3.** ഇന്ത്യൻ സാഹചര്യത്തിൽ പരിശോധിക്കുകയാണെങ്കിൽ ഭരണഘടന മനുഷ്യാവകാശങ്ങൾ ഉറപ്പുവരുത്തുന്നുണ്ട് എന്ന് പറയുന്നെങ്കിലും അത് എങ്ങും എത്തിയിട്ടില്ല. സാമൂഹികമായും സാമ്പത്തികമായും ഉന്നതശ്രേണിയിൽ നിൽക്കുന്നവരുടെ താത്പര്യങ്ങൾ മാത്രമാണ് ഇവിടെ പരിരക്ഷിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ വികസന പദ്ധതികളും അവരോട് മാത്രമാണ് അനുഭാവപൂർണ്ണം പെരുമാറുന്നത്. സോഷ്യലിസത്തെക്കുറിച്ച് സംസാരിക്കുന്ന രാഷ്ട്രീയ പാർട്ടികളുള്ള, ഇടതുപക്ഷാഭിമുഖ്യമുള്ള ഒരു സമൂഹമായിരുന്നിട്ടും വികസനത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ നയങ്ങളും വരേണ്യരെ മാത്രമാണ് സംരക്ഷിക്കുന്നത്. അതുകൊണ്ടുതന്നെ ഒരു ബദൽ വികസന മാതൃക അവിഷ്കരിക്കുന്നതിൽ നിലവിലുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളും രാഷ്ട്രീയ പ്രയോഗങ്ങളും അപര്യാപ്തമാണ്. എന്താണ് യഥാർത്ഥ വികസനം എന്ന് ചിന്തിക്കാൻ കഴിയുന്ന പുതിയ രാഷ്ട്രീയം ഉയർന്നുവരണം. അത്തരത്തിലുള്ള അന്വേഷണങ്ങളും ഇടപെടലുകളും സമരങ്ങളിലൂടെ ആരംഭിച്ചിട്ടുണ്ട്.

**4.** കേരളം ഒരു വികസന മാതൃകയാണെന്ന് പറയുന്നതിന് മുന്നോട്ടുവച്ച കാര്യങ്ങളൊന്നും യാഥാർത്ഥ്യമായിരുന്നില്ല എന്നാണ് ഇന്ന് നോക്കുമ്പോൾ മനസ്സിലാകുന്നത്. വിദ്യാഭ്യാസത്തിന്റെയും ആരോഗ്യമേഖലയുടെയും എല്ലാം അവസ്ഥ പരിശോധിക്കുമ്പോൾ വിദ്യാഭ്യാസ സൗകര്യങ്ങളും ആശുപത്രികളും കൂടി എന്നല്ലാതെ സമൂഹത്തിന്റെ അറിവും ആരോഗ്യവുമൊന്നും മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. സാമ്പത്തികമായും സാമൂഹികമായും കേരളം ഒരു ആശ്രിതത്വ സമൂഹമായി മാറി. സ്വാശ്രിതത്വ ബോധം കുറഞ്ഞു. ഉത്പാദനമേഖലയെ പുഷ്ടിപ്പെടുത്തുന്നതിനുള്ള പദ്ധതികളൊന്നും നടപ്പിലാക്കപ്പെടുന്നില്ല. ഗൾഫ് പണം വന്നില്ലെങ്കിൽ കേരളം തകരും എന്നതാണ് സ്ഥിതി.

**5.** വരേണ്യ വികസനത്തെ അടിച്ചേൽപ്പിച്ചുകൊണ്ട് ഭരണകൂടത്തിനും ഭരണവ്യവസ്ഥയ്ക്കും എല്ലാക്കാലത്തും ഇങ്ങനെ മുന്നോട്ടുപോകാൻ കഴിയില്ല. കേരളം എത്തിനിൽക്കുന്ന പ്രതിസന്ധികൾ നന്നായി തിരിച്ചറിയുന്ന ഒരു വലിയ വിഭാഗം ഇവിടെ ഉയർന്നുവരുന്നുണ്ട്. പ്രതിരോധ സമരങ്ങൾ മുന്നോട്ടുവയ്ക്കുന്ന കാഴ്ച്ചപ്പാടുകളെ സ്വാംശീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു സമൂഹം ഇപ്പോൾ കേരളത്തിലുണ്ട്. അതിനെ ക്രോഡീകരിക്കുന്നതിനുള്ള ശ്രമമുണ്ടാകണം. ഏകശിലാത്മകമായി അതിനെ ചിട്ടപ്പെടുത്തി ഒരു രാഷ്ട്രീയ പാർട്ടി ഉണ്ടാക്കേണ്ടതില്ല. രാഷ്ട്രീയം കൈകാര്യം ചെയ്യുന്നതിൽ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ മുന്നോട്ടുവയ്ക്കുന്ന വ്യവസ്ഥാപിത രീതി അവലംബിക്കേണ്ടതില്ല. അതല്ലാത്ത മാതൃകകൾ ഉണ്ടായിവരണം.

**(എൻഡോസൾഫാൻ വിരുദ്ധ സമരപ്രവർത്തകൻ)**

# വികസനം ദരിദ്രരെ സൃഷ്ടിക്കുന്ന പ്രക്രിയ

വിജി, പെൺകൂട്ട്

**സ്ത്രീകൾ** നിരന്തര പീഡനങ്ങൾക്കും ബലാത്സംഘങ്ങൾക്കും കൊലപാതകങ്ങൾക്കും ഇരയാവുന്ന സാഹചര്യത്തിൽ എന്തു വികസനമാണ് ഉണ്ടാകുന്നത് ? 'വികസനം' എന്ന വാക്ക് തന്നെ സ്ത്രീവിരുദ്ധമാണെന്നാണ് എന്റെ അനുഭവം. ദേശീയപാതകളും വിമാനത്താവളങ്ങളും ഷോപ്പിംഗ് മാളുകളും വർദ്ധിക്കുന്നതല്ല വികസനം. സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ളവർക്ക് വികസിക്കാൻ കഴിയുന്നുണ്ടോ എന്നാണ് വിലയിരുത്തേണ്ടത്. തൊഴിലാളികൾ അനുഭവിക്കുന്ന വിവേചനങ്ങളെക്കുറിച്ചോ അവഗണനകളെക്കുറിച്ചോ ഒരു 'വികസന'വും ചർച്ച ചെയ്യുന്നില്ല. അധ്വാനത്തിനനുസരിച്ചുള്ള കൂലി പോലും ലഭിക്കാതെ മുതലാളിത്തം തൊഴിലാളികളെ ചൂഷണം ചെയ്യുകയാണ്. ദരിദ്രരെ സൃഷ്ടിക്കുക എന്ന പ്രക്രിയ മാത്രമാണ് വികസനം. മനുഷ്യന് മനസ്സമാധാനത്തോടെ ഉറങ്ങാനും ഭക്ഷണം കഴിക്കാനും നല്ല വസ്ത്രം ധരിക്കാനുമുള്ള സാഹചര്യം ഉണ്ടാവുക എന്നതാണ് എന്റെ വികസന സങ്കൽപ്പം. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി വർദ്ധിക്കുന്ന യന്ത്രസംവിധാനങ്ങൾ ഞങ്ങളെപ്പോലുള്ള തൊഴിലാളികളെയാണ് ദാരിദ്ര്യത്തിലാഴ്ത്തുന്നത്. അധ്വാനിക്കാനുള്ള മനുഷ്യശേഷിയെ മന്ദീഭവിപ്പിക്കുന്നതിൽ സാങ്കേതിക വിദ്യകളുടെ പങ്ക് നിർണ്ണായകമാണ്. സമരങ്ങളിലേർപ്പെടാൻ ജനങ്ങളെ നിർബന്ധിക്കുന്ന തരത്തിലാണ് ഭരണകൂട-മുതലാളിത്ത ചങ്ങാത്തം. അപ്രഖ്യാപിത ഹർത്താലുകൾ പോലെ അപ്രഖ്യാപിത സമരങ്ങൾ കേരളത്തിന്റെ നാനാതുറകളിലും തുടങ്ങാനിരിക്കുന്നതേയുള്ളൂ.

**(അസംഘടിത മേഖലാ തൊഴിലാളി യൂണിയൻ)**